**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2879** **12-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജലജീവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | തിരുവമ്പാടി മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>കോടഞ്ചേരി, തിരുവമ്പാടി, കാരശ്ശേരി, കൊടിയത്തൂർ എന്നി പഞ്ചായത്തുകളിൽ നിലവിലുള്ള പൈപ്പ് ലൈനുകളിൽ നിന്നും നൽകാവുന്ന കണക്ഷനുകൾ നൽകി കഴിഞ്ഞു. ഈ പഞ്ചായത്തുകളിലെ ശേഷിക്കുന്ന ഗാർഹിക കണക്ഷനുകൾ നൽകുന്നതിനും കൂടരഞ്ഞി, പുതുപ്പാടി എന്നീ പഞ്ചായത്തുകളിൽ കണക്ഷനുകൾ നൽകുന്നതിനുമുള്ള പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | തിരുവമ്പാടി മണ്ഡലത്തിൽ നിലവിലുള്ള പൈപ്പ് ലൈനുകളിൽ നിന്നും കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി ഭരണാനുമതി നല്കിയ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കി 2022 സെപ്റ്റംബർ മാസത്തോടെ പ്രവൃത്തികൾ ആരംഭിച്ച് 2024-ഓടു കൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പഞ്ചായത്ത് | ഭരണാനുമതി ലഭിച്ച കുടിവെള്ള കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇത് വരെ നൽകിയ കണക്ഷനുകളുടെ എണ്ണം (01.07.2022 വരെ) |
|---|---|---|---|---|
| 1 | കോടഞ്ചേരി | 8162 | 8566.92 | 388 |
| 2 | കൂടരഞ്ഞി | 3338 | 3311.83 | 0 |
| 3 | പുതുപ്പാടി | 10112 | 10657.14 | 0 |
| 4 | തിരുവമ്പാടി | 3450 | 3390.65 | 152 |
| 5 | കാരശ്ശേരി | 7487 | 7370.53 | 351 |
| 6 | കൊടിയത്തൂർ | 6743 | 6631.97 | 367 |
| **ആകെ** | | **39292** | **39929.04** | **1258** |